# 12

# ഏഴ് മടങ്ങ് ഐക്യത

## ( 4:4– 6)

സഭയുടെ ഐക്യത ചർച്ച ചെയ്തശേഷം, അംഗങ്ങൾ യോജിച്ചിരിക്കുന്നത് ഏഴ് മടങ്ങ് "ഒന്നിന്റെ" അടിസ്ഥാനത്തിലാണ് എന്നു പറഞ്ഞിരിക്കുന്നു. ദൈവം തന്റെ വചനത്തിൽ അരുളിച്ചെയ്തിരിക്കുന്ന തത്വത്തെ സമ്മതിച്ച് വേണം ക്രിസ്ത്യാനികൾ സഭയുടെ ഐക്യത നിലനിർത്തുവാൻ.

### ഏകശരീരം (4:4)

**[4]ശരീരം ഒന്ന്.**

**വാക്യം 4. ശരീരം ഒന്ന്** എന്നു പറഞ്ഞിരിക്കുന്നത്, ക്രിസ്തുവിന്റെ ശരീരമായ സഭയാണ്. ദൈവം ക്രിസ്തുവിനെ സഭയുടെ തലയാക്കി വെച്ചിരിക്കുന്നു, അത് "അവന്റെ ശരീരമാകുന്നു" (1:22, 23). അവൻ യെഹൂദന്മാരെയും ജാതികളെയും ക്രൂശ് മുഖാന്തരം, "ഏകശരീരത്തിൽ" ദൈവത്തോട് നിരപ്പിച്ചു "ഒരേ പുതു മനുഷ്യനാക്കി" (2:15, 16). ജാതികൾ അങ്ങനെ "കൂട്ടവകാശികളും, കൂട്ടംഗങ്ങളുമായി" (3:6) സ്ത്രിയും പുരുഷനും ഓരോരുത്തരുടെയും ഭാഗം നിർവ്വഹിക്കുമ്പോഴാണ് ക്രിസ്തുവിന്റെ ശരീരം പ്രവർത്തിക്കുന്നത് എന്നാണ് പൗലൊസ് ചിത്രീകരിച്ചത് (4:12, 16). "ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവാണെന്നും" നാം വായിക്കുന്നു (5:23). ആ പ്രസ്താവനകളിൽനിന്ന് ഒരാൾക്ക് തീർച്ചയാക്കാം കർത്താവിന്ന് ഒരേ ഒരു ശരീരം മാത്രമാണുള്ളത് എന്ന്; ആ ശരീരം യെഹൂദന്മാരും ജാതികളും ഉൾപ്പെടുന്ന ദൈവത്തോട് നിരപ്പ് പ്രാപിച്ചവരാണ്, അവർ തങ്ങളുടെ പങ്ക് നിർവ്വഹിക്കുന്നവരായിരിക്കും; ആ ശരീരം രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ്. ഒരാൾ ദൈവത്തോട് നിരപ്പ് പ്രാപിച്ച് രക്ഷിക്കപ്പെടുമ്പോൾ, അയാൾ സഭയുടെ ഭാഗമായി തീരുന്നു.

രക്ഷിക്കപ്പെട്ടശേഷം സഭയുടെ ഭാഗം ആകാതിരിക്കുന്നതും, രക്ഷിക്കപ്പെടുവാൻ ഒരു കാര്യം ചെയ്യുക എന്നതും സഭയിലാകുവാൻ മറ്റൊരു കാര്യം ചെയ്യുക എന്നതുമായ ആശയം പുതിയ നിയമത്തിലില്ല. വിവിധ ഉപദേശങ്ങൾ പഠിപ്പിക്കുകയും രക്ഷിക്കപ്പെടുവാൻ വിവിധ മാർഗങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്ന നാമധേയ വിഭാഗങ്ങൾ ഏകസഭയിൽ പെടുന്നു എന്ന ആശയവും പുതിയനിയമപ്രകാരമുള്ളതല്ല. അതിൽനിന്നു വ്യത്യസ്തമായി സഭയക്ക് യാതൊരു ഭിന്നതയും പാടില്ല എന്നാണ് ബൈബിൾ പറയുന്നത് (1 കൊ. 1:10 നോക്കുക).

സഭ ക്രിസ്തുവിന്റെ "ശരീരം" ആണെന്ന് പല തിരുവെഴുത്തു ഭാഗങ്ങളിലും പറയുന്നുണ്ട്. ക്രിസ്തുവിനെ സഭയുടെ തലയാക്കി വെച്ചിരിക്കുന്നു എന്നതിലെ ഊന്നൽ, സഭയുടെ മേൽ എല്ലാ അധികാരവും അവനാണെന്നും, ശരീരത്തിന്റെ പ്രവർത്തികളെല്ലാം, പുതിയനിയമത്തിലെ അവന്റെ ഇഷ്ടപ്രകാരം ആയിരിക്കണമെന്നുമാണ് (മത്താ. 28:18; കൊലൊ. 1:18; 1 പത്രൊ. 4:11).

സഭയെ ശരീരമായി ചിത്രീകരിച്ചിരിക്കുന്നതിൽനിന്ന്, “ശരീരം ഒന്ന്” ആണെങ്കിലും, അതിന് പല “അവയവങ്ങൾ” ഉണ്ട് എന്നാണ് മനസിലാക്കുന്നത് (1 കൊ. 12:12). “ഏകാത്മാവിനാൽ ഏകശരീരത്തോട് ചേരുവാൻ സ്നാനം ഏറ്റവരാണ്” ക്രിസ്ത്യാനികൾ (1 കൊ. 12:13). അതിനർത്ഥം നാം ആത്മാവിന്റെ *നിർദ്ദേശപ്രകാരം* സ്നാനം ഏൽക്കുന്നു അല്ലെങ്കിൽ സ്നാനം ഏൽക്കുമ്പോൾ ആത്മാവ് നമ്മെ ശരീരത്തിലാക്കി വെക്കുന്നു എന്നാണ്. അതിനർത്ഥം എല്ലാ ക്രിസ്ത്യാനികൾക്കും പരിശുദ്ധാത്മ *സ്നാനം* ലഭിക്കുമെന്നല്ല. പരിശുദ്ധാത്മ സ്നാനം എന്ന പേരിൽ രണ്ട് സംഭവമാണ് നമുക്ക് തിരിച്ചറിയുവാൻ കഴിയുന്നത്: അത് അപ്പൊസ്തലന്മാർക്ക് പ്രവൃത്തികൾ 1:5 ലും; 2:4 ലും പറഞ്ഞിരിക്കുന്നതും, പ്രവൃത്തികൾ 10:44-47; 11:15-17-ൽ കൊർന്നെല്യോസിനും അവന്റെ ഭവനത്തിലും ഉണ്ടായിരുന്നവർക്ക് ലഭിച്ചതും ആണ്. 1 കൊരിന്ത്യർ 12:13-ൽ, പൗലൊസ് പറഞ്ഞു, “നാം എല്ലാം ഏകശരീരത്തോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നു.” ആ സ്നാനം “എല്ലാവർക്കും” ഉള്ളതാണ് (മത്താ. 28:19, 20; മർ. 16:15, 16; പ്രവൃ. 2:38, 39), അതിന് വെള്ളം ആവശ്യമാണ് (പ്രവൃ. 8:36-39). എഫെസ്യർ 4:5 പറയുന്നത് ഇന്ന് നമുക്ക് “സ്നാനം ഒന്നു” മാത്രമാണുള്ളത് എന്നാണ്, അതാണ് നമ്മെ “ഏക ശരീരത്തിൽ” ആക്കുന്നത്.

ആ ഏക ശരീരത്തിലെ അവയവങ്ങൾക്ക് വെവ്വേറെ പ്രവൃത്തികളാണുള്ളത് (1 കൊ. 12:14-20). ഭൗതിക ശരീരത്തെ ദൈവം ഘടിപ്പിച്ചിരിക്കുന്നത് ഓരോ അവയവവും ശരിയായി അതതിന്റെ ചുമതല നിർവ്വഹിക്കുവാനാണ് എന്നപോലെ, ആത്മിയ ശരീരമാകുന്ന സഭയുടെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഓരോ അവയവവും തനിക്ക് ദൈവം നൽകിയ താലന്തുകൾ, കഴിവുകൾ, സഭയുടെ ക്ഷേമത്തിനായി ഉപയോഗിക്കണം. ശരീരത്തിലെ ഓരോ അവയവവും പ്രാധാന്യമുള്ളതാണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊ. 12:21-24). ഭൗതിക ശരീരത്തിൽ കണ്ണ് കാഴ്ച്ചക്ക് നല്ലതാണ്, എന്നാൽ അത് കേൾക്കുവാൻ ഉപകരിക്കുകയില്ല. ഓരോ അവയവവും അതാതിന്റെ പ്രവൃത്തി ചെയ്യുമ്പോഴാണ് ഭൗതിക ശരീരം പ്രവർത്തിക്കുന്നു എന്നു പറയുന്നത്. അതുപോലെ, ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളെല്ലാം, ഓരോരുത്തന്നു കഴിവുള്ളതു ചെയ്യുമ്പോൾ, ശരീരത്തിൽനിന്ന് മൊത്തമായി ദൈവം ആഗ്രഹിക്കുന്നത് നിറവേറ്റുവാൻ കഴിയുന്നു.

ശരീരം ഏകീഭവിച്ചിരിക്കണം. ഭൗതിക ശരീരം ഭാഗിച്ചാൽ അവയവങ്ങൾക്ക് ശരിയായി പ്രവർത്തിക്കുവാൻ കഴിയാത്തതുപോലെ, സഭ ഭിന്നിച്ചാൽ അതിനു ശരിയായി പ്രവർത്തിക്കുവാൻ സാധ്യമല്ല. അന്യോന്യം സ്നേഹിക്കുന്നവരെയും “അന്യോന്യം കരുതുന്നവരെയും” ആണ് ക്രിസ്തുവിന്റെ സഭയോട് ചേർത്തിരിക്കുന്നത്. അതിനാൽ, “ശരീരമാകുന്ന സഭയിലെ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയുംകൂടെ കഷ്ടം അനുഭവിക്കുന്നു” (1 കൊ. 12:25, 26). ഭൗതിക ശരീരത്തിലെ ഒരു അവയവത്തിന് മുറിവേറ്റാൽ ശരീരത്തിന് മൊത്തം വേദന അനുഭവപ്പെടുന്നു. അതുപോലെ സഭയിലെ ഒരാൾക്ക് മുറിവേറ്റാൽ, സഭയിലെ എല്ലാവർക്കും വേദന അനുഭവപ്പെടും; ഒരാൾക്ക് ലഭിക്കുന്ന നേട്ടം എല്ലാവരുടേയും നേട്ടമാണ്.

പൗലൊസ് പറഞ്ഞതുപോലെ നാം ബൈബിൾ അടിസ്ഥാനമാണ് ഐക്യതക്ക് എടുക്കേണ്ടത്, കാരണം നാം തിരുവെഴുത്തിനെ ബഹുമാനിക്കണം, അവൻ പറഞ്ഞു, “ശരീരം ഒന്ന്.” നമ്മുടെ ചിന്ത വ്യത്യസ്തമായാലും, ക്രിസ്തുവിന് ഒരേ ഒരു സഭ മാത്രമാണുള്ളത്.

## ആത്മാവ് ഒന്ന് (4:4)

**[4]ആത്മാവ് ഒന്ന്.**

**വാക്യം 4.** ദൈവത്തിന്റെ നിത്യമായ ഉദ്ദേശം വെളിപ്പാടിനാൽ അറിയിച്ച പരിശുദ്ധാത്മാവാണ് **ആത്മാവ് ഒന്ന്** എന്നു പറഞ്ഞിരിക്കുന്നത് (1 കൊ. 2:13; എഫെ. 3:1–10). അവൻ ശരീരത്തിന് ജീവൻ നൽകുന്നു (2 കൊ. 3:6), സഭ യിൽ വസിക്കുന്നു (1 കൊ. 3:16), ക്രിസ്ത്യാനിയിൽ വസിക്കുകയും ചെയ്യുന്നു (1 കൊ. 6:19). അവൻ ക്രിസ്ത്യാനിയെ ശക്തിപ്പെടുത്തുകയും (എഫെ. 3:16) കർത്താവ് വരുമ്പോൾ മുഴുവൻ അവകാശങ്ങളും ലഭിക്കുമെന്നതിന് ഉറപ്പായി അവനാൽ മുദ്രയിട്ടിരിക്കയുമാണ് (1:13, 14 നോക്കുക). ശരീരത്തിലുള്ളവർക്ക് ദൈവത്തിങ്കലേക്ക് പ്രവേശനം നൽകുന്നത് ആത്മാവാണ് (2:18). ശരീരത്തിലെ ഐക്യതയുടെ ഉറവിടവും ആത്മാവാണ്. അതുകൊണ്ടാണ്, ഐക്യതയെ "ആത്മാവിന്റെ ഐക്യത" എന്നു പറഞ്ഞിരിക്കുന്നത് (4:3).

## ഏക പ്രത്യാശ (4:4)

**[4]നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി വിളിച്ചതുപോലെ.**

**വാക്യം 4.** മുൻപ് ഈ ലേഖനത്തിൽ ഉപയോഗിച്ച പ്രയോഗങ്ങളാണ് **വിളിച്ചു, വിളിക്കുക** എന്നിവ. 1:18–ൽ "അവരെ വിളിച്ചിരിക്കുന്ന വിളിയുടെ പ്രത്യാശ എന്തെന്ന് അറിയുവാൻ" അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കു വാനായി പൗലൊസ് പ്രാർത്ഥിച്ചു. "നിങ്ങളെ വിളിച്ച വിളിക്ക് യോഗ്യമായി നടപ്പിൻ" എന്ന് 4:1–ൽ അവൻ അവരോട് അപേക്ഷിച്ചു. ആദ്യവേദഭാഗത്ത് വിളിച്ചവനായിരുന്നു ഊന്നൽ എങ്കിൽ, രണ്ടാമത്തെ വേദഭാഗത്ത് വിളിക്ക് ആണ് ഊന്നൽ കൊടുത്തിരിക്കുന്നത്. വിളിച്ച വ്യക്തികളെയാണ് വാക്യം 4–ൽ പറയുന്നത്. വിളിയും പ്രത്യാശയും എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നത്? ജാതികളായിരുന്നവർ സഭയിലാകുന്നതിനു മുൻപ് ക്രിസ്തുവിൽനിന്നു വേറിട്ട്, ക്രിസ്തുവിൽ പ്രത്യാശയില്ലാത്തവരായിരുന്നു, എന്നാൽ ക്രിസ്ത്യാനികളാ യപ്പോൾ ക്രിസ്തുവിൽ പ്രത്യാശയുള്ളവരായി തീർന്നു (1:12; 2:12). ദൈവം മുന്നിട്ട് അവരെ വിളിച്ചതുകൊണ്ടാണ് എഫെസ്യർക്ക് പ്രത്യാശ ലഭിച്ചത് (1:18). സ്വർഗത്തെയും ഭൂമിയേയും നിരപ്പിക്കുക (അതായത് ദൈവവും മനുഷ്യരും തമ്മിലുള്ള നിരപ്പ്) എന്ന ദൈവത്തിന്റെ നിത്യമായ പദ്ധതിയിൽ പങ്കുകാരായ തിനാലാണ് അവർക്ക് പ്രത്യാശ ലഭിച്ചത് (1:9, 10). സ്വർഗത്തെയും ഭൂമിയെയും യോജിപ്പിക്കുന്ന ചിത്രമായിരുന്നു ജാതികളെയും യെഹൂദന്മാരെയും "ഏക ശരീരത്തിൽ" "പുതു മനുഷ്യനാക്കി തീർത്തത്" (2:15, 16). ദൈവത്തോടുള്ള നിരപ്പ് മൂലം പ്രത്യാശയുടെ ഐക്യത കൈവരിച്ചതും (2:16) ശരീരത്തിൽ രക്ഷ നൽകുന്നതും (5:23) സഭയുടെ ഓരോ ദിവസത്തേയും ജീവിതം അങ്ങ നെയായിരിക്കണം.

**പ്രത്യാശ** തർജിമ ചെയ്തിരിക്കുന്ന വാക്ക് (*എൽപിസ്*) ആണ്, അർത്ഥം, "നന്മ ലഭിക്കുമെന്ന് പ്രതീക്ഷിച്ച് ആഗ്രഹിക്കുക"[1] നാം സുവിശേഷത്താൽ വിളിക്കപ്പെട്ടവരാണ്. നാം അതിനോട് ശരിയായി പ്രതികരിക്കുമ്പോൾ, നാം "വിളിക്കപ്പെട്ടവരാകുന്നു." വിളിക്കപ്പെട്ടവരായതിനാൽ നമുക്ക് ദൈവത്തോട്

പ്രത്യാശയുണ്ട്. വാഗ്ദാനങ്ങളെ ആസ്പദമാക്കിയാണ് നമ്മുടെ പ്രത്യാശയിരിക്കുന്നത്. നമുക്ക് രക്ഷയുടെ പ്രത്യാശയുണ്ട്; മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനം നമുക്കുള്ള പ്രത്യാശയാണ്; നമ്മുടെ പ്രത്യാശ ക്രിസ്തുവിലാണ്; നിത്യജീവൻ ലഭിക്കുമെന്ന പ്രത്യാശയും ഉണ്ട്; ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചും അവൻ വരുമ്പോൾ നാം അവനെ പോലെയാകും എന്ന പ്രത്യാശയും നമുക്കുള്ളതാണ്; സ്വർഗത്തിൽ എത്തുമെന്ന പ്രത്യാശയും മുക്കുള്ളതാണ്.[2] അവയെല്ലാം ഏക പ്രത്യാശക്കായി വിളിച്ചിരിക്കുന്ന "[നമ്മുടെ] വിളിയുടെ പ്രത്യാശയാണ്."

## കർത്താവ് ഒരുവൻ (4:5)

**[5]കർത്താവ് ഒരുവൻ.**

**വാക്യം 5. കർത്താവ് ഒരുവൻ** എന്ന് പറഞ്ഞിരിക്കുന്നത് യേശുക്രിസ്തുവാണ്. ക്രിസ്തുവിനു വേണ്ടി പൗലൊസ് ഉപയോഗിച്ചിരിക്കുന്ന താല്പര്യമുള്ള വാക്കാണ് "കർത്താവ്."[3] പുതിയ നിയമത്തിൽ, ഈ വാക്ക് ക്രിസ്തുവിന്റെ മരണം, അടക്കം, ഉയർപ്പ്, സ്വർഗാരോഹണം എന്നിവയുമായുള്ള ബന്ധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രാരംഭ സഭയുടെ ഏറ്റവും വലിയ ഏറ്റുപറച്ചലായിരുന്നു "യേശു കർത്താവ് ആണ്" എന്നത്.[4]

"കർത്താവ്" എന്ന പദവിയിൽ നാല് അർത്ഥമാണ് അടങ്ങിയിരിക്കുന്നത്. ആദ്യം, അത് ഏറ്റവും ഉയർന്ന *അധികാരത്തെയാണ്* കാണിക്കുന്നത്, അതായത് ഒരു തോട്ടത്തിന്റെ പരമാധികാരം, ഒരു ദാസന്മേൽ യജമാനനുള്ള അധികാരം, രാജാവിന് രാജ്യം ഭരിക്കുവാനുള്ള അധികാരം.[5] "ഏക കർത്താവായതുകൊണ്ട്," യേശുവിന് എല്ലാ അധികാരവുമുണ്ട് (മത്താ. 28:18). നാം വിശ്വസിക്കുന്നതിലും, ഉപദേശിക്കുന്നതിലും, പരിശീലിക്കുന്നതിലും സകല അധികാരവും അവന്റ വചനത്തിലായതുകൊണ്ട് നാം ക്രിസ്തുവിൽ ആശ്രയിക്കുന്നു. മനുഷ്യർ വിചാരിക്കുന്നതിലും നിനക്കുന്നതിലും, ആഗ്രഹിക്കുന്നതിലും ഉപരിയാണ് അവന്റെ അധികാരം. അവനെ "സഭയുടെ എല്ലാം തലയായി വെച്ചിരിക്കുന്നു" (എഫെ. 1:22), എന്നു പറയുമ്പോൾ, പൗലൊസ് ക്രിസ്തുവിന്റെ അധികാരത്തെയാണ് പറയുന്നത്.

രണ്ടാമത്, "കർത്താവ്" എന്നു പറയുന്നത് *ഉടമസ്ഥാവകാശ*ത്തെയാണ് സൂചിപ്പിക്കുന്നത്. അവൻ നമ്മെ വീണ്ടെടുത്തിരിക്കയാൽ (1:7), യേശു ആണ് നമ്മുടെ ഉടമസ്ഥൻ, അവൻ സഭയെ രക്തത്താൽ വിലയ്ക്ക് വാങ്ങിയിരിക്കയാണ് (പ്രവൃ. 20:28). നമ്മെ വിലകൊടുത്ത് വാങ്ങിയിരിക്കയാൽ നാം നമുക്കുള്ളവരല്ല (1 കൊ. 6:19, 20 നോക്കുക). മൂന്നാമത്, അവൻ നമ്മുടെ കർത്താവ് ആകയാൽ, ക്രിസ്തു നമ്മുടെ *യജമാനനും*, നാം അവന്റെ ദാസന്മാരുമാണ്. തന്നെ കുറിച്ച് പൗലൊസ് പലപ്പോഴും "ദാസൻ" എന്നാണ് പറഞ്ഞത്, താൻ യേശുവിന്റെ കർത്തൃത്വം അംഗീകരിക്കുന്നു എന്നാണ് അത് തെളിയിക്കുന്നത്. നാലാമത്, ക്രിസ്തു കർത്താവായതിനാൽ, അവൻ തന്റെ രാജ്യത്തിന്റെ രാജാവാണ്. നാം ക്രിസ്തുവിന്റെ അധികാരത്തിൽ ആയതിനാൽ, നാം ക്രിസ്തുവിനുള്ളവരും, ക്രിസ്തുവിന്റെ ദാസന്മാരും ആണ്. നാം അവന്റെ അധികാരത്തിലായതിനാൽ, യേശുവിനെ *രാജാവായി* അംഗീകരിക്കയും ചെയ്യുമ്പോൾ, നാം എല്ലാ കാര്യത്തിലും ക്രിസ്തുവിനെ കേൾക്കു

വാനും, അവനെ അനുസരിച്ച് പിൻപറ്റുവാനും കടപ്പെട്ടിരിക്കയാണ്. അവനാണ് "ഏക കർത്താവ്."

### ഏക വിശ്വാസം (4:5)

**[5]വിശ്വാസം ഒന്ന്.**

**വാക്യം 5.** ക്രിസ്ത്യാനിത്വത്തെയും, ക്രിസ്തീയ മതത്തെയും കുറിച്ചുള്ള എല്ലാ സത്യവും സ്വീകരിക്കുന്നതാണ് **വിശ്വാസം ഒന്ന്** എന്ന് സൂചിപ്പിക്കുന്നത്. "ഒരിക്കൽ ആയി എന്നേക്കുമുള്ള വിശുദ്ധന്മാർക്ക് നൽകിയിട്ടുള്ളതാണ്" (യൂദാ 3), പലരും അനുസരിച്ച വിശ്വാസമാണ് അത് (പ്രവൃ. 6:7) ആളുകളെ പോറ്റുന്നതും പൗലൊസ് പ്രസംഗിച്ചതുമായ വിശ്വാസമാണ് അത് (ഗലാ. 1:23; 1 തിമൊ. 4:6). ആ വിശ്വാസത്തിൽനിന്നാണ് ചിലർ വീണു പോകുന്നത്, നമുക്ക് നിഷേധിക്കുവാൻ കഴിയുന്നതും, അത് വിട്ട് അലഞ്ഞുതിരിയുവാൻ സാധ്യതയുള്ളതുമായ വിശ്വാസമാണ് അത് (1 തിമൊ. 4:1; 5:8; 6:10, 21). ഒരേ ഒരു ക്രിസ്ത്യാനിത്വവും, ഇന്ന് ദൈവത്തിൽനിന്നു ആളുകൾക്ക് ഏക വെളിപ്പാടും ആണുള്ളത് എന്നതിനാൽ, "വിശ്വാസം ഒന്നു" മാത്രമാണുള്ളത്.

### ഏക സ്നാനം (4:5)

**[5]സ്നാനം ഒന്ന്.**

**വാക്യം 5. സ്നാനം ഒന്ന്**–എന്നത് റോമർ 6:4 ഉം കൊലൊ. 2:12 ഉം അനുസരിച്ച് ഇന്നു വെള്ളത്തിലുള്ള വിലയുള്ള അടക്കമാണ്. "സ്നാനം" എന്നത് ലിപി മാറ്റി എഴുതിയതാണ് (*ബാപ്റ്റിസ്മാ*), അത് അടക്കമോ മുങ്ങലോ ആണ്.[6] മത്തായി 28:19, 20–ൽ കൽപിച്ച സ്നാനത്തിന് വെള്ളത്തിലേക്ക് ഇറങ്ങേണ്ടതും വെള്ളത്തിൽനിന്നു കയറേണ്ടതും ആവശ്യമാണ് (യോഹ. 3:23; പ്രവൃ. 8:36, 38, 39). വിശ്വസിച്ച് മാനസാന്തരപ്പെട്ടവരാണ് പുതിയനിയമ സ്നാനം ഏൽക്കേണ്ടത് (മർ. 16:15, 16; പ്രവൃ. 2:38), യേശു ദൈവപുത്രനാണെന്നുള്ള അവരുടെ വിശ്വാസം അവർ ഏറ്റു പറയുകയും വേണം (മത്താ. 10:32, 33; പ്രവൃ. 8:37; റോമർ. 10:9, 10). സ്നാനത്തിന്റെ നാല് തരത്തിലുള്ള ഉദ്ദേശവും രക്ഷിക്കപ്പെടുന്നതിനും (മർ. 16:16; 1 പത്രൊ. 3:21), പാപമോചനം ലഭിക്കുന്നതിനും (പ്രവൃ. 2:38), സഭയോട് ചേർക്കപ്പെടേണ്ടതിനും (1 കൊ. 12:13), ക്രിസ്തുവിലാകുന്നതിനുമാണ് (റോമർ 6:3; ഗലാ. 3:27).

ചിലർ പറയുന്നത് പ്രവൃത്തികൾ 2:38 ലെ "പാപമോചനത്തിനുള്ള സ്നാനം" എന്നതിന്റെ അർത്ഥം "ഉള്ള" എന്നതിനു പകരം "കാരണം" എന്നാണ് എന്ന് അവകാശപ്പെടുന്നു. എങ്ങനെയായാലും, "നിങ്ങളുടെ പാപമോചനത്തിനായി" എന്നു പറയുന്നത് മത്തായി 26:26–28 ലെ "പുതിയനിയമത്തിനു വേണ്ടിയുള്ള എന്റെ രക്തം" എന്നു പറഞ്ഞിരിക്കുന്നതും (ഇംഗ്ലീഷിലും ഗ്രീക്കിലും) ഒരേ അർത്ഥത്തിലാണ്. അവിടെ "രക്തം ചിന്തിയതു കാരണം പുതിയനിമം വന്നു" എന്നു പറയുവാൻ സാധ്യമല്ല. അതുപോലെ "പാപം മോചിച്ചു കിട്ടിയതിനാൽ സ്നാനമേൽപിൻ" എന്നു പറയുവാൻ കഴിയുമോ? ഇല്ല എന്നതാണ് ഉത്തരം. മുൻപ് പാപം ക്ഷമിച്ചു കിട്ടിയെങ്കിൽ, പിന്നെ യേശു

മരിക്കേണ്ട ആവശ്യം വരുന്നില്ലല്ലോ. “യേശു മരിച്ചതു പാപങ്ങൾ മോചിക്കപ്പെടേണ്ടതിനായിരുന്നു;” ആ ഉദ്ദേശമാണ് പത്രൊസ് പ്രവൃത്തികൾ 2:38–ൽ പറയുന്നത് . സ്നാനത്തിൽ, വേർപിരിക്കുവാനാകാത്ത വിധത്തിൽ പാപമോചനവും ചേർന്നിരിക്കുന്നു. സ്നാനത്തിനു നേടുവാനോ, യോഗ്യമാക്കുവാനോ കഴിയുകയില്ല; പക്ഷെ അതിനു കീഴ്പ്പെട്ട് ഒരാൾ ദൈവത്തിന്റെ ദാനമായ കൃപ സ്വീകരിക്കുമ്പോൾ–ലഭിക്കുന്നത്, പാപമോചനമാണ്. അതാണ് എഫെസ്യർ 4 ലെ “ഏക സ്നാനം.”

### ദൈവം ഒരുവൻ (4:6)

**6എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ.**

**വാക്യം 6. ദൈവം ഒരുവനാകുന്നു**, ക്രിസ്തു മുഖാന്തരം അവൻ ക്രിസ്ത്യാനികളുടെ **പിതാവായി** തീർന്നു കാരണം, ക്രിസ്തുവിലുള്ള എല്ലാവരും അവന്റെ മക്കളാകുന്നു (റോമർ 8:16, 17; ഗലാ. 3:26, 27). എല്ലാവർക്കും **മീതെയുള്ള** ദൈവവും പിതാവുമായവൻ എന്ന് പൗലൊസ് പറയുന്നതിൽ, ദൈവത്തിന്റെ പരമാധികാരവും, പരമോന്നതിയെയുമാണ് കാണിക്കുന്നത്. **എല്ലാവരിലും** എന്നു പറഞ്ഞിരിക്കുന്നത്, അവൻ എല്ലാവരുടെ ജീവിതത്തിലും ഇടപെടുന്നു എന്നു സൂചിപ്പിക്കുകയാണ്. അവസാനം ദൈവം **എല്ലാവരിലും** എന്നു പറഞ്ഞിരിക്കുന്നത് അവൻ തന്റെ ജനത്തിൽ സന്നിഹിതനാകുന്നതാണ്.

പൗലൊസ് പറഞ്ഞിരിക്കുന്നത് ഐക്യതയുടെ “ഏഴ് തൂണുകളാണ്”–ദൈവത്തിന്റെ വെളിപ്പെടുത്തിയ സത്യം സ്വീകരിക്കുന്നതിന് നാമെല്ലാവരും ആ ഏഴു സത്യത്തെ അംഗീകരിക്കണം. ആ അടിസ്ഥാന സത്യങ്ങൾ സ്വീകരിച്ചാൽ മാത്രമെ നമുക്ക് “ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ കഴിയുകയുള്ളു” (4:3).

### പ്രായോഗികത

**ക്രിസ്തീയ ഐക്യതക്കുള്ള ദൈവിക പദ്ധതി (4:4-6)**

ദൈവത്തിന്റെ വലിയ പദ്ധതി ഐക്യതയുടേതാണ്. നമ്മുടെ ഐക്യതയുടെ ഏഴ് അടിസ്ഥാന ഘടകങ്ങളാണ് പൗലൊസ് പറഞ്ഞ ഏഴ് “ഒന്നുകൾ.” നാമെല്ലാവരും ഏക ശരീരത്തിൽ തുല്യ അംഗങ്ങളാണ്. ആ ഏകശരീരത്തിലുള്ളവർക്കെല്ലാം നൽകിയിരിക്കുന്നത് ഏക ആത്മാവിനെയാണ്; അവൻ നമ്മിൽ എല്ലാവരിലും വസിക്കുന്നു. ഏക പ്രത്യാശയാണ് ഓരോ ഹൃദയത്തിലും നിറക്കുന്നത്, അതാണ് കർത്താവായ യേശു മടക്കി തരുന്ന അനുഗ്രഹം. നമ്മെ വാഴുന്ന ഏക കർത്താവ് ആണ് നമുക്ക് ഉള്ളത്. ഒരേ ഒരു വിശ്വാസം, അതായത്, നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നത് ഒരേ ഉപദേശമാണ്, പൊതുവിലുള്ള ആ വിശ്വാസത്തോടാണ് നാം പറ്റിച്ചേർന്നിരിക്കുന്നത്. എല്ലാ ക്രിസ്ത്യാനികളും ആ ഏക ശരീരത്തിൽ പ്രവേശിച്ചിരിക്കുന്നത് ഒരേ രീതിയിലാണ്: ഏകസ്നാനത്താൽ. നമ്മുടെ എല്ലാവരുടേയും ദൈവവും പിതാവുമായവൻ ഒരുവൻ, അവൻ നമ്മെ സ്നേഹിക്കുകയും ഭൂതകാല നിത്യത മുതൽ

ഭാവികാല നിത്യത വരെ പ്രവർത്തിക്കുന്നത് എല്ലാം അവന്റെ ബുദ്ധിയാണ്!

തന്റെ അനുയായികൾ ഒന്നായിത്തീരേണ്ടതിനായിരുന്നു യേശുവിന്റെ അവസാന പ്രാർത്ഥന: "പരിശുദ്ധ പിതാവേ, അവർ നമ്മിൽ ഒന്നാകേണ്ടതിന്നു നീ എനിക്കു തന്ന നാമത്തിൽ അവരെ കാത്തുകൊള്ളേണമേ"; "... അവരും ഒന്നാകേണ്ടതിന്ന് അവരേയും സ്നേഹിക്കുന്നു എന്നു ലോകം അറിവാനും ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനും പ്രാർത്ഥിക്കുന്നു ..." (യോഹ. 17:11, 23).

ക്രിസ് ബുള്ളാർഡ്

---

കുറിപ്പുകൾ

[1]സ്പിറോസ് സോദിയേറ്റ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യൂ ടെസ്റ്റമെന്റ്,* 2ഡ് എഡി. (ചാറ്റനൂഗാ, ടെന്ന.: ഏഎംജി പബ്ലിഷേഴ്സ്, 1991), 911. [2]നോക്കുക, പ്രവൃ. 23:6; 24:15; 26:6, 7; റോമർ 1:6; 8:24; 1 കൊ. 15:19; കൊലൊ. 1:5, 27; 2 തെസ്സ. 2:14; 1 തിമൊ. 1:1; തിത്തൊ. 2:13; 1 യോഹ. 3:2, 3. [3]നോക്കുക, റോമർ 10:9; 14:8, 9; 14:8, 9; 1 കൊ. 8:6; 12:3; ഫിലി. 2:9-11. [4]വില്യം ബാർക്ലേ, *ജീസസ് ആസ് ദേ സാ ഹിം* (ലണ്ടൻ: എസ്സിഎം പ്രസ്, 1962), 408-20. [5]ഇബിഡ്. [6]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 165.